# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.883** **05.03.2018 ൽ മറുപടിക്ക്**

**പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ആർക്കിടെക്ച്ചർ വിഭാഗം**

| ചോദ്യം<br>ശ്രീ.വി. ജോയി | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ ആർക്കിടെക്ച്ചർ വിഭാഗത്തിൽ എത്ര തസ്തികകളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) പൊതുമരാമത്ത് കെട്ടിട വിഭാഗം ആർക്കിടെക്ച്ചർ വിഭാഗത്തിൽ മൊത്തം 60 തസ്തികകളാണ് നിലവിലുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ചീഫ് ആർക്കിടെക്റ്റ് - 1<br>ഡെപ്യൂട്ടി ചീഫ് ആർക്കിടെക്റ്റ് - 1<br>സീനിയർ ആർക്കിടെക്റ്റ് - 4<br>ഡെപ്യൂട്ടി ആർക്കിടെക്റ്റ് - 13<br>ടെക്നിക്കൽ അസിസ്റ്റന്റ് - 1<br>ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ് - 14<br>ഒന്നാം ഗ്രേഡ് ഓവർസിയർ - 17<br>രണ്ടാം ഗ്രേഡ് ഓവർസിയർ - 7<br>മൂന്നാം ഗ്രേഡ് ഓവർസിയർ - 2 |
| (ബി) നിലവിൽ ഭരണാനുമതി ലഭിച്ച എത്ര കെട്ടിടങ്ങളുടെ സ്ട്രക്ച്ചറൽ ഡിസൈൻ പൂർത്തിയാകുവാനുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) 157 കെട്ടിടങ്ങളുടെ സ്ട്രക്ച്ചറൽ ഡിസൈൻ പൂർത്തിയാകുവാനുണ്ട്. ഫീൽഡ് ഓഫീസുകളിൽ നിന്നും ലഭിക്കുന്ന മുൻഗണനാ നിർദ്ദേശമനുസരിച്ചാണ് ഡിസൈൻ വിഭാഗത്തിൽ ജോലികൾ ചെയ്തു വരുന്നത്. 167 കെട്ടിടങ്ങളുടെ സ്ട്രക്ച്ചറൽ ഡിസൈൻ ജോലികൾ ചെയ്യാനായി കെട്ടിട വിഭാഗത്തിൽ നിന്നും നൽകിയിട്ടുണ്ട്. ഇതിൽ 2017-18-ൽ 10 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 27 പ്രവൃത്തികളുടെ ടെൻറ്റേറ്റീവ് ഡ്രോയിംഗ് നൽകി കഴിഞ്ഞു നിലവിൽ നിർമ്മാണം പുരോഗമിച്ച് കൊണ്ടിരിക്കുന്ന 49 പ്രവൃത്തികളുടെ |

| | | | |
|---|---|---|---|
| | | | ഡ്രോയിംഗുകൾ പ്രവൃത്തികളുടെ പുരോഗതിക്കനുസൃതമായി നൽകി വരുന്നു. ആർക്കിടെക്ചറൽ ഡ്രോയിംഗ്, മണ്ണു പരിശോധനാ ഫലം എന്നിവ ലഭ്യമല്ലാത്തതിനാൽ 66 പ്രവൃത്തികളുടെ ഡിസൈൻ ജോലികൾ ആരംഭിച്ചിട്ടില്ല. ഡിവിഷൻ ഓഫീസുകളിൽ നിന്നും ലഭിച്ചിരിക്കുന്ന മുൻഗണനാ പട്ടിക അനുസരിച്ചുള്ള പ്രവൃത്തികൾക്ക് മുൻതൂക്കം നൽകുന്നതിനാൽ 15 ഡിസൈൻ ജോലികൾ തുടങ്ങിയിട്ടില്ല. |
| (സി) | ഡിസൈൻ വിംഗിൽ ജീവനക്കാരുടെ അഭാവം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി) | ഉണ്ട്. രണ്ട് മേഖലാ ഓഫീസുകൾ കോഴിക്കോടും എറണാകുളത്തും പുതുതായി തുടങ്ങി. ഒഴിവുള്ള തസ്തികകളിൽ ആളുകളെ നിയമിച്ച് വരുന്നു. മരാമത്ത് ഉദ്യോഗസ്ഥ സംവിധാനം ഇന്നത്തെ നിലയിൽ വർദ്ധിച്ച വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് പൂർണ്ണമായും സജ്ജമല്ല. ഈ സംവിധാനം പുതിയ കാലം, പുതിയ നിർമ്മാണം എന്ന കാഴ്ചപ്പാടുകൾക്കനുസരിച്ച് മാറിയിട്ടില്ല. മാറിയാലേ ഈ സർക്കാരിന്റെ വികസന ലക്ഷ്യങ്ങൾ പൂർത്തികരിക്കാൻ കഴിയൂ. അതിനനുസൃതമായി എഞ്ചിനീയർമാരുടേയും ഓവർസിയർമാരുടേയും അധിക തസ്തികകൾ ഉണ്ടായാലേ പൊതുമരാമത്ത് പ്രവൃത്തികളും ഉദ്ദേശ ലക്ഷ്യങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കാനാവുകയുള്ളൂ. |
| (ഡി) | ഭരണാനുമതി ലഭിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് കാലയളവ് നിശ്ചയിക്കപ്പെട്ടുള്ള വ്യവസ്ഥകൾ എന്തെങ്കിലും നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഭരണാനുമതി ലഭിക്കുന്ന കെട്ടിടങ്ങളുടെ വ്യാപ്തിയും ഘടനയും കാലാവസ്ഥയും പരിഗണിച്ചാണ് കാലയളവ് നിശ്ചയിക്കുന്നത്. |

സെക്ഷൻ ഓഫീസർ